**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 60** **11-06-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ വാണിജ്യ മേഖലയിലെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് വ്യവസായ വാണിജ്യ മേഖലയിൽ സംസ്ഥാനം നേടിയ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉദ്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റി കൊണ്ടിരിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് റാങ്കിങ്ങിൽ 28 ആം സ്ഥാനത്തു നിന്നും 15-ാം സ്ഥാനത്തേക്ക് റാങ്ക് മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആരംഭിച്ച സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ജൂൺ 07 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് ആകെ 2,49,483 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ, 15903.18 കോടി രൂപയുടെ നിക്ഷേപവും 5,30,917 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിത് വരെയുള്ള കണക്കുകൾ പ്രകാരം സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ 2,63,886 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത് വഴി 17,355 കോടി രൂപയുടെ നിക്ഷേപവും 5,83,909 പുതിയ തൊഴിലവസരങ്ങളും |

| | | | |
|---|---|---|---|
| | | | സൃഷ്ടിക്കപ്പെട്ടു. ഇത് വ്യവസായ വാണിജ്യ മേഖലയിൽ സംസ്ഥാനം നേടിയ പുരോഗതി വ്യക്തമാക്കുന്നു. |
| (ബി) | ഇത് സംബന്ധിച്ച് രാജ്യത്തെ വിവിധ സംസ്ഥാനങ്ങളെക്കുറിച്ച് പഠനം നടത്തുന്ന എം.എസ്.എം.ഇ. എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്.എം.എസ്.എം.ഇ. എക്സ്പോർട്ട് പ്രമോഷൻ കൗൺസിലും കോൺഫെഡറേഷൻ ഓഫ് ഓർഗാനിക് ഫുഡ് പ്രൊഡ്യൂസേഴ്സ് ആൻഡ് മാർക്കറ്റിംഗ് ഏജൻസികളും സംയുക്തമായാണ് 'കേരളനിക്ഷേപം, വളർച്ച, വികസനം 2018-19 മുതൽ 2022-23 വരെ' എന്ന വിഷയത്തിൽ പഠനം നടത്തിയത്. ഈ റിപ്പോർട്ടിലെ പ്രധാന പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>2018-19 മുതൽ 2022-23 വരെയുള്ള അഞ്ച് വർഷത്തിനുള്ളിൽ 91,575 കോടി രൂപയുടെ പുതിയ നിക്ഷേപ പദ്ധതികൾ ആകർഷിക്കുവാൻ കേരള സർക്കാരിന് സാധിക്കുകയുണ്ടായി. അതിൽ 33,815 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കുകയും, പ്രത്യക്ഷവും പരോക്ഷവുമായ 5 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഈ കാലയളവിൽ, മുടങ്ങിക്കിടന്നിരുന്ന 12240 കോടി രൂപയുടെ പദ്ധതികൾ പുനരുജ്ജീവിപ്പിക്കുവാനും സാധിച്ചു. |
| (സി) | പ്രസ്തുത റിപ്പോർട്ട് പ്രകാരം ഈ മേഖലയിൽ കൂടുതൽ പുരോഗതി കൈവരിക്കാനുതകുന്ന തരത്തിൽ സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (സി) | പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സംസ്ഥാന വ്യവസായവകുപ്പ് ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുകയുണ്ടായി<br><br>K-സ്വിഫ്റ്റ് അക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റ് സംവിധാനം വഴി മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത MSME സംരംഭങ്ങൾക്ക് 3 വർഷം വരെ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികൾ ഇല്ലാതെ സംസ്ഥാനത്ത് പ്രവർത്തിക്കുവാനുള്ള സംവിധാനംകൊണ്ടുവന്നു. (https://www.kswift.kerala.gov.in) ഈ പോർട്ടൽ വഴി സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്ത് സംരംഭം തുടങ്ങാം.<br><br>19 വകുപ്പുകളുടെ 77 ലൈസൻസുകൾ KSWIFT വഴി ഓൺലൈൻ ആയി അപേക്ഷിക്കുവാൻ സാധിക്കുന്ന സംവിധാനം സജ്ജമാക്കി. ഇത് മൂലം, സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് ഓഫീസുകളിൽ പോയി ലൈസൻസിനായി അപേക്ഷിക്കേണ്ട സ്ഥിതി ഒഴിവായി. |

കൂടാതെ, വലിയ നിക്ഷേപങ്ങൾക്ക് ഏക ജാലക ക്ലിയറൻസ് സംവിധാനം കൊണ്ടുവന്നു. 15 കോടിവരെ നിക്ഷേപമുള്ള സംരംഭങ്ങൾക്ക് ജില്ലാകളക്ടർ അദ്ധ്യക്ഷനായ ഏകജാലക (Single Window Clearance) ലൈസൻസ് സംവിധാനവും, 15 കോടിക്ക് മുകളിൽ നിക്ഷേപമുള്ള സംരംഭങ്ങൾക്ക് സംസ്ഥാനതല ഏകജാലക (State Level Single Window Clearance) ലൈസൻസ് സംവിധാനവും നിലവിൽവന്നു.

ഇവയെല്ലാം കൂടുതൽ സംരംഭങ്ങളും നിക്ഷേപവും തൊഴിൽ സാധ്യതകളും കേരളത്തിലോട്ട് എത്തിക്കുവാൻ സഹായകരമായി

2022-23 സംരംഭക വർഷമായി കേരള സർക്കാർ പ്രഖ്യാപിച്ചിരുന്നു. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചു കൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിയായിരുന്നു സർക്കാർ രൂപീകരിച്ചത്. പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായവകുപ്പ് നിരവധി പ്രവർത്തനങ്ങൾ നടത്തുക ഉണ്ടായി.

സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ജൂൺ 07 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് ആകെ 2,49,483 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ, 15903.18 കോടി രൂപയുടെ നിക്ഷേപവും 5,30,917 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിത് വരെയുള്ള കണക്കുകൾ പ്രകാരം സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ 2,63,886 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത് വഴി 17,355 കോടി രൂപയുടെ നിക്ഷേപവും 5,83,909 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

കൂടാതെ സംസ്ഥാനത്ത് പുതുതായി സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന ധനസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

1. സംരംഭക സഹായ പദ്ധതി

2. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാൻറ് പദ്ധതി

3. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി

| | | | | |
|---|---|---|---|---|
| | | | | 4. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി<br><br>5. നിലവിലുള്ള എം.എസ്.എം.ഇ -കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനു സഹായം നൽകുന്ന പദ്ധതി<br><br>6. തകർച്ച നേരിടുന്നതും പ്രവർത്തന രഹിതവും ആയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ , കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി<br><br>7. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി<br><br>8. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)<br><br>9. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി<br><br>കൂടാതെ, അന്താരാഷ്ട്ര തലത്തിൽ പ്രമുഖരായ ഡി-സ്പേസ്, ഐബിഎം, സഫ്രാൻ, പോലുള്ള സ്ഥാപനങ്ങൾ അവരുടെ ഓഫീസ് കേരളത്തിൽ സ്ഥാപിക്കുകയും നിലവിൽ അവരുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. മാത്രല്ല ഈ ആശയങ്ങൾക്ക് സഹായകമാകുന്നതിനു വേണ്ടി വ്യവസായ നയം പോലെ, ഗ്രഫീൻ നയം, കയറ്റുമതി പ്രോത്സാഹന നയം, ലോജിസ്റ്റിക് നയം, കേരള ഇ.എസ്.ജി. നയം പോലുള്ള വിവിധ നയങ്ങൾ നിലവിൽ സർക്കാർ രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതി, ക്യാംപസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി, മെയ്ഡ് ഇൻ കേരള പദ്ധതി തുടങ്ങിയ പദ്ധതികളും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളിലൂടെ കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി ഉയർത്തിക്കാട്ടുവാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിക്കുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ